"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൃഷി വികസനം — പച്ചിലവളത്തിനു സബ്സിഡി നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1529/2023/LSGD തീയതി,തിരുവനന്തപുരം, 26-07-2023

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.01.2023 ലെ കത്തുകളും പെരിന്തൽ മണ്ണ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ 20.10.2022 ലെ 4/22-ാം നമ്പർ കത്തും
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.06.2023 ന നടന്ന യോഗത്തിന്റെ തീരുമാനങ്ങൾ 3.1, 4.1

**<u>ഉത്തരവ്</u>**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശിത മാർഗരേഖ ഖണ്ഡിക 3.3 ക്രമ നമ്പർ 1 പ്രകാരം ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കാനുള്ളവയുടെ ലിസ്റ്റിൽ പച്ചിലവളം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സബ്സിഡി നൽകാനുള്ള ഇനത്തിൽ (ഖണ്ഡിക 6.1) പച്ചിലവളം ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ പരാമർശിത മാർഗരേഖയിലെ സബ്സിഡി നൽകാൻ അനുമതിയുള്ളവയുടെ ലിസ്റ്റിൽ പച്ചിലവളം ഉൾപ്പെടുത്തണമെന്ന് പരാമർശം (2) പ്രകാരം ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് കർഷകർക്ക് പച്ചിലവളത്തിനു സബ്സിഡി നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു. പച്ചിലവളത്തിന്റെ യൂണിറ്റ് നിരക്ക്, ഏതുതരം പച്ചിലവളങ്ങളാണ് നൽകാവുന്നത് തുടങ്ങിയവ സംബന്ധിച്ച് ജില്ലാതലത്തിൽ തീരുമാനമെടുക്കാവുന്നതാണ്. പൊതു വിഭാഗത്തിന് യൂണിറ്റ് നിരക്കിന്റെ 50 ശതമാനവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് യൂണിറ്റ് നിരക്കിന്റെ 100 ശതമാനവും സബ്സിഡി നൽകാവുന്നതാണ്. വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി



Generated from eOffice by AJITHE, ADA P (TP4), AGRI DIR, AGRI DIR on 24/08/2023 11:54 AM